# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2272 — 19.06.2013 ൽ മറുപടിക്ക്

## ആരോഗ്യ സംരക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സമഗ്രമായ ഒരു ആരോഗ്യ സംരക്ഷണ പദ്ധതി അടിയന്തിരമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ; | (എ) സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് പരമാവധി ആരോഗ്യ സംരക്ഷണം നൽകുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ എജ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ 5 മെഡിക്കൽ കോളേജുകളും ആരോഗ്യ വകുപ്പിന്റെ കീഴിൽ ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളും സാമൂഹികാരോഗ്യകേന്ദ്രങ്ങളും ഗ്രാമപഞ്ചായത്തുകൾതോറുമുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിച്ച് വരുന്നു. ഈ സ്ഥാപനങ്ങൾ വഴി പരമാവധി ആരോഗ്യ സംരക്ഷണം പൊതുജനങ്ങൾക്ക് നൽകുവാൻ കഴിയുന്നുണ്ട്. |
| (ബി) വിവിധ വകുപ്പുകൾ മുന്നോട്ടു വച്ചിട്ടുള്ള വിവിധ നിർദ്ദേശങ്ങൾ പാലിക്കുകയും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കേണ്ടതും അത്യാവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ? | (ബി) ഉണ്ട്. വിവിധ വകുപ്പുകളുമായി സംയോജിച്ചാണ് ഇപ്പോൾ ആരോഗ്യ രംഗത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ജലവിഭവ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുമായി സഹകരിച്ചാണ് ആരോഗ്യ വകുപ്പ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ